**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1521** **14-03-2022 - ൽ മറുപടിയ്ക്ക്**

**അഴീക്കൽ തുറമുഖത്ത് ഇമിഗ്രേഷൻ ചെക്ക് പോയിന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | null<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | അഴീക്കൽ തുറമുഖത്ത് ഇമിഗ്രേഷൻ ചെക്ക് പോയിന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | അഴീക്കൽ തുറമുഖത്തെ ഇമിഗ്രേഷൻ ചെക്ക് പോയിന്റായി പ്രഖ്യാപിക്കുന്നതിലേക്കായി FRRO കൊച്ചി ഓഫീസിൽ നിന്നുള്ള ഉദ്യോഗസ്ഥരും, ഇന്റലിജൻസ് ബ്യൂറോ ഉദ്യോഗസ്ഥരും ചേർന്ന് അഴീക്കൽ തുറമുഖത്ത് പരിശോധന നടത്തുകയുണ്ടായി. ഐ.എസ്.പി.എസ് കോഡ് അഴീക്കൽ തുറമുഖത്ത് നടപ്പിൽ വരുത്തിയാൽ മാത്രമേ ഇമിഗ്രേഷൻ ചെക്ക് പോയിന്റായി പ്രഖ്യാപിക്കാൻ സാധിക്കുകയുള്ളൂ. ഐ.എസ്.പി.എസ് കോഡ് അഴീക്കൽ തുറമുഖത്ത് നടപ്പിൽ വരുത്തുന്നതിലേക്കായി ഐ.ആർ.എസ് മുംബൈയിൽ നിന്നുള്ള ഐ.ആർ.എസ് ഉദ്യോഗസ്ഥർ 22.12.2021-ൽ അഴീക്കൽ തുറമുഖത്ത് സന്ദർശനം നടത്തിയിട്ടുണ്ട്. കൂടാതെ അഴീക്കൽ തുറമുഖത്തെ ഒരു കെട്ടിടം ഇന്റലിജൻസ് ബ്യൂറോയ്ക്ക് വിട്ടുകൊടുക്കാനും തീരുമാന മെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ; | (ബി) | അഴീക്കൽ തുറമുഖത്തെ ഇമിഗ്രേഷൻ ചെക്ക് പോയിന്റായി പ്രഖ്യാപിക്കുന്നതിലേക്കായി FRRO കൊച്ചി ഓഫീസിൽ നിന്നുള്ള ഉദ്യോഗസ്ഥരും, ഇന്റലിജൻസ് ബ്യൂറോ ഉദ്യോഗസ്ഥരും ചേർന്ന് അഴീക്കൽ തുറമുഖത്ത് പരിശോധന നടത്തുകയുണ്ടായി. ഐ.എസ്.പി.എസ് കോഡ് അഴീക്കൽ തുറമുഖത്ത് നടപ്പിൽ വരുത്തിയാൽ മാത്രമേ ഇമിഗ്രേഷൻ ചെക്ക് പോയിന്റായി പ്രഖ്യാപിക്കാൻ സാധിക്കുകയുള്ളൂ. ഐ.എസ്.പി.എസ് കോഡ് അഴീക്കൽ തുറമുഖത്ത് നടപ്പിൽ വരുത്തുന്നതിലേക്കായി ഐ.ആർ.എസ് മുംബൈയിൽ നിന്നുള്ള ഐ.ആർ.എസ് ഉദ്യോഗസ്ഥർ 22.12.2021-ൽ അഴീക്കൽ തുറമുഖത്ത് സന്ദർശനം നടത്തിയിട്ടുണ്ട്. കൂടാതെ അഴീക്കൽ തുറമുഖത്തെ ഒരു കെട്ടിടം ഇന്റലിജൻസ് ബ്യൂറോയ്ക്ക് വിട്ടുകൊടുക്കാനും തീരുമാന മെടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | തടസ്സങ്ങളൊന്നുമില്ല. |

സെക്ഷൻ ഓഫീസർ